# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1618 — 07/03/2018-ലെ മറുപടി

## കാവേരി നദീ ജലം സംബന്ധിച്ച സുപ്രീം കോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കാവേരി നദീ ജലം സംബന്ധിച്ച സുപ്രീംകോടതി വിധി സംസ്ഥാന താൽപര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ; | എ) | കാവേരി നദീ ജലതർക്കത്തിൽ സുപ്രീം കോടതി വിധി സർക്കാർ പരിശോധിച്ച് വരികയാണ്. |
| ബി)സംസ്ഥാനാന്തര നദികൾ രാജ്യത്തിന്റെ പൊതു സ്വത്താണെന്ന് സുപ്രീംകോടതി വിധിയിലെ പരാമർശം സംസ്ഥാനത്തെ ഏതെങ്കിലും നദികളിൽ നിന്നും ജലം കൂടുതലായി അയൽ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കേണ്ട അവസ്ഥ ഉണ്ടാക്കിയിട്ടുണ്ടോ ; | ബി) | ഇല്ല |
| സി)സംസ്ഥാനം എത്ര ഘന അടി വെള്ളം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്; സുപ്രീംകോടതി വിധിയനുസരിച്ച് എത്ര ഘന അടി വെള്ളം കാവേരി നദിയിൽ നിന്നും അനുവദിച്ചിട്ടുണ്ട് ; | സി) | 99.8 റ്റി.എം.സി ജലം അനുവദിക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടത്. 30 റ്റി.എം.സി ജലം കേരളത്തിന് അനുവദിച്ച കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിന്റെ വിധി സുപ്രീംകോടതി ശരി വച്ചിരിക്കുകയാണ്. |
| ഡി) നേരത്തെ അനുവദിച്ചിരുന്ന വെള്ളം സംസ്ഥാനം എന്താവശ്യങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത് ; വൈദ്യുതി ഉൽപാദനത്തിന് അത് ഉപയോഗിച്ചിട്ടുണ്ടോ ; | ഡി) | കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച ജലം ജലസേചന പദ്ധതികൾക്കും , കുടിവെള്ള ആവശ്യത്തിനും ചെറുകിട ജലസേചന പദ്ധതികൾക്കും വേണ്ടി വിനിയോഗിച്ച വരുന്നു. വൈദ്യുതി ഉൽപാദനത്തിന് ഉപയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| ഇ) കബനി , ഭവാനി, പാമ്പാർ നദികളിലെ വെള്ളം തിരിച്ചുവിടണമെന്ന കേരളത്തിന്റെ ആവശ്യം കോടതി അംഗീകരിച്ചിട്ടുണ്ടോ ; വൈദ്യുതി ഉത്പാദനത്തിന് കൂടുതൽ വെള്ളം അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം സുപ്രീം കോടതി നിഷേധിച്ചത് എന്തടിസ്ഥാനത്തിലാണ്? | ഇ) അംഗീകരിച്ചില്ല. കാവേരി ബേസിനിൽ ജലം കുറവുള്ളതിനാൽ കേരളം ആവശ്യപ്പെട്ട Trans Basin Diversion സുപ്രീം കോടതി അനുവദിച്ചില്ല. |

SD

സെക്ഷൻ ഓഫീസർ